"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

നം. ഡിഎ1/359/2023-തസ്വഭവ

തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്

തിരുവനന്തപുരം,

തീയതി: 19-02-2025

## സർക്കുലർ

വിഷയം:- തദ്ദേശ സ്വയംഭരണ വകുപ്പ് - തദ്ദേശ ഭരണ സ്ഥാപനങ്ങളിലെ ലെഗസി/നിഷ്ക്രിയ മാലിന്യ ശേഖരണത്തിൽ കേന്ദ്ര ധനകാര്യ കമ്മീഷൻ വിഹിതം ഉപയോഗിക്കുന്നത് - സംബന്ധിച്ച്.

സൂചന:-

1. സ.ഉ.(സാധാ) നം.1401/2023/LSGD; തീയതി 10.07.2023
2. ക്ലീൻ കേരള കമ്പനി ലിമിറ്റഡ് മാനേജിംഗ് ഡയറക്ടറുടെ 31.07.2023ലെ A30/1401/CKCL/2023 നമ്പർ കത്ത്

**********************

മാലിന്യ മുക്തം നവകേരളം കർമ്മപദ്ധതിയുടെ ഭാഗമായി, മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട പ്രോജക്ടുകൾ വാർഷിക പദ്ധതിയുടെ ഭാഗമാക്കി നിർവ്വഹിക്കുന്നതിന് സൂചിത ഉത്തരവ് പ്രകാരം മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയിരുന്നു. നിഷ്ക്രിയ/ലെഗസി മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിന് വിനിയോഗിക്കുവാൻ സാധിക്കുന്ന വിഭവ സ്രോതസ്സുകളിൽ വികസനഫണ്ട്, ശുചിത്വ കേരളം, തനത്ഫണ്ട് എന്നിവ മാത്രമാണ് മേൽ ഉത്തരവിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

2. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ഹരിതകർമ്മസേനകൾ മുഖാന്തിരം ശേഖരിച്ച്, തരംതിരിവിന് ശേഷം ഉണ്ടാകുന്ന നിഷ്ക്രിയ മാലിന്യങ്ങളുടെ ശേഖരണവും, ലെഗസി മാലിന്യവും ഏറിയ പങ്കും ക്ലീൻ കേരള കമ്പനി മുഖേനെയാണ് ശേഖരിച്ച് സംസ്കരണം നടത്തുന്നത്. തനത് ഫണ്ട്/ മറ്റ് വികസനഫണ്ടുകളോ ലഭ്യമല്ലാത്ത തദ്ദേശ സ്ഥാപനങ്ങൾക്ക് ക്രേന്ദ്ര ധനകാര്യ കമ്മീഷൻ വിഹിതം ലെഗസി മാലിന്യം നീക്കം ചെയ്യുന്നതിന് ഉപയോഗിക്കാൻ സാധിക്കാത്തതിനാൽ, നിഷ്ക്രിയ/ലെഗസി മാലിന്യം ശേഖരിച്ച ഇനത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ഭീമമായ തുകയാണ് കമ്പനിക്ക് ലഭിക്കാനുള്ളത് എന്നും, ഈ സാഹചര്യത്തിൽ സൂചന 1 ലെ ഉത്തരവിൽ, ലെഗസി മാലിന്യം നീക്കം ചെയ്യുന്നതിന് കേന്ദ്ര ധനകാര്യ കമ്മീഷൻ വിഹിതം കൂടി പദ്ധതി നിർവഹണത്തിനായി ഉപയോഗിക്കാവുന്ന വിഭവസ്രോതസുകളിൽ ഉൾപ്പെടുത്തി ഭേദഗതി ചെയ്ത് നൽകണമെന്നും ക്ലീൻ കേരള കമ്പനി ലിമിറ്റഡ് മാനേജിംഗ് ഡയറക്ടർ സൂചന 2 പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്.

3. വികസന ഫണ്ട് വിനിയോഗിക്കാവുന്ന എല്ലാ ആവശ്യങ്ങൾക്കും, അതായത് ശമ്പളം, എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾ, വാഹനങ്ങൾ വാങ്ങുന്നത് ഒഴികെയുള്ള ആവശ്യങ്ങൾക്ക്, പതിനഞ്ചാം ധനകാര്യ കമ്മീഷൻ **ബേസിക്/അൺടൈഡ് ഗ്രാന്റ്** ഉപയോഗിക്കാവുന്നതാണ്.

ടൈഡ് ഗ്രാന്റ് ഉപയോഗം സംബന്ധിച്ച് പ്രത്യേകമായി ഒരു നെഗറ്റീവ് ലിസ്റ്റ് കേന്ദ്ര സർക്കാർ നിഷ്കർഷിട്ടില്ലാത്ത സാഹചര്യത്തിൽ, മാലിന്യ സംസ്കരണ മേഖലയിലെ പ്രവൃത്തിയായതിനാൽ നിഷ്ക്രിയ/ലെഗസി മാലിന്യം കൈമാറുന്നതിനായി പതിനഞ്ചാം ധനകാര്യ കമ്മീഷൻ **ടൈഡ് ഗ്രാന്റ്** ഉപയോഗിക്കുന്നതിനും തടസ്സമില്ല.

4. മേൽ സാഹചര്യത്തിൽ, നിഷ്ക്രിയ/ലെഗസി മാലിന്യം നീക്കം ചെയ്യുന്നതിന് കേന്ദ്ര ധനകാര്യ കമ്മീഷൻ ബേസിക്/അൺടൈഡ് ഗ്രാന്റ്, കേന്ദ്ര ധനകാര്യ കമ്മീഷൻ ടൈഡ് ഗ്രാന്റ് എന്നിവ ഉപയോഗിക്കാവുന്നതാണെന്ന് വ്യക്തത വരുത്തുന്നു. ഇതിനായി കേന്ദ്ര ധനകാര്യ കമ്മീഷൻ ബേസിക്/അൺടൈഡ് ഗ്രാന്റ് ഉപയോഗിക്കുകയാണെങ്കിൽ, ആയത് മറ്റ് ഫണ്ടുകളുമായി സംയോജിപ്പിച്ച് ഉപയോഗിക്കാൻ പാടുള്ളതല്ല.

അനുപമ ടി വി

സ്പെഷ്യൽ സെക്രട്ടറി

പകർപ്പ്

1. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
3. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
5. എല്ലാ മുനിസിപ്പാലിറ്റി ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും
6. മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്
7. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്
8. ഡയറക്ടർ-റൂറൽ, തദ്ദേശസ്വയംഭരണ വകുപ്പ്
9. ഡയറക്ടർ-അർബൻ, തദ്ദേശസ്വയംഭരണ വകുപ്പ്
10. ചീഫ്, വികേന്ദ്രീകൃതാസൂത്രണം, സംസ്ഥാന ആസൂത്രണ ബോർഡ്
11. എല്ലാ ജില്ലാ ആസൂത്രണ സമിതി അദ്ധ്യക്ഷന്മാർക്കും
12. എല്ലാ ജില്ലാ കളക്ടർമാർക്കും
13. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
14. എല്ലാ ജോയിന്റ് ഡയറക്ടർമാർക്കും (തദ്ദേശസ്വയംഭരണ വകുപ്പ്)
15. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
16. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
17. ഡയറക്ടർ ജനറൽ, കില
18. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
19. എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ
20. മാനേജിംഗ് ഡയറക്ടർ, ക്ലീൻ കേരള കമ്പനി ലിമിറ്റഡ്
21. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
22. വിവര പൊതുജനസമ്പർക്ക (വെബ് &ന്യൂ മീഡിയ) വകുപ്പ്
23. തദ്ദേശ സ്വയംഭരണ (ഡബ്ല്യു.എം.) വകുപ്പ്
24. തദ്ദേശ സ്വയംഭരണ (എഫ്.എം.) വകുപ്പ്
25. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Viraj K
Date: 20-02-2025 11:33:28

സെക്ഷൻ ഓഫീസർ.